# 708

*സങ്കീ. 90,    രീതി: എന്തതിശയമേ*

കർത്താവു ഞങ്ങൾക്കു സങ്കേതമാണെന്നും
ശാശ്വതദൈവമെന്നും-എന്നാൽ
ശോഭിക്കും രാവിലെ വാടും പൂവെന്നപോൽ മായുന്നു മന്നിൽ നരൻ

1 മണ്ണിനാൽ നിർമ്മിച്ചു ദൈവം മനുഷ്യനെ
മന്നിൽ മോദേന വാഴാൻ-എന്നാൽ
മന്നിൽ പാപമൂലം മർത്യനായ് തീർന്നവൻ മണ്ണിൽ ലയിച്ചിടുന്നു-

2 ശക്തനെന്നാകിലും ഭക്തനെന്നാകിലും
മന്നനെന്നായിടിലും-പാരം
കണ്ണീരോടെ വന്നു വേഗേന തീരുന്നു നിത്യലോകം ചേരുന്നു-

3 അന്ത്യനാളിന്നായിട്ടെണ്ണാൻ കഴിയണേ
ഞങ്ങൾക്കറിവില്ലതിൽ-പാരം
ജ്ഞാനം പ്രാപിച്ചിടാൻ നിൻപാത കാംക്ഷിപ്പാൻ ആവേശമേകിടേണം-

4 ബാല്യവും യൗവനകാലവും മായയാം
ഭാഗ്യനാൾ അന്ത്യമാകാം-ദേവാ!
ജീവിതം ധന്യമായ് കാത്തിടുവാനെന്നും കാരുണ്യമേകിടേണം-

5 തോന്നേണമേ സഹതാപമീയേഴയിൽ
ഭാരങ്ങളേറുന്നേരം-ദേവാ
തൃപ്തരാക്കിടണം നിൻദയയാൽ ഞങ്ങൾ ഘോഷിപ്പാനായുസ്സെല്ലാം-

6 ഇന്നു കാണുന്നവൻ നാളെ കാണാതാകാം
ശാശ്വതമല്ലൊന്നുമേ-ഭൂവിൽ
നീ വിളിക്കുന്നേരം ആരറിയും ദേവാ! സ്വസ്ഥത നിൻ സവിധേ-

7 ഒന്നുമില്ലാതെ നാം വന്നു, ഭൂവിൽനിന്നും
ഒന്നുമില്ലാതെ പോകും-എന്നാൽ
കർത്താവിനെന്നപോൽ ചെയ്തതാം നന്മകൾ പിൻചെല്ലും നിത്യതയിൽ

8 കാഹളനാദം ധ്വനിക്കുവോളം ലോകം
നീറുന്നു ദീനതയിൽ-ദേവാ! ആശ്വാസമേകുക
നിൻവാക്കിനാൽ ഞങ്ങൾ ആശ്വാസമുൾക്കൊള്ളുവാൻ-

**P.P.G.**